**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 583 — 13.01.2021-ലെ മറുപടിയ്ക്ക്

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിൽ നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ),<br>(ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിൽ ശോചനീയാവസ്ഥയിലായിരുന്ന സ്പോർട്സ് ഹോസ്റ്റൽ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 1,07,10,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവൃത്തി തുടങ്ങി. പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>• **<u>ഗ്രൗണ്ട് ഫ്ലോർ നവീകരണം</u>** :- കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഒരു ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികളും മറ്റനുബന്ധനവീകരണ പ്രവൃത്തികളും<br>• **<u>ഫസ്റ്റ് ഫ്ലോർ നവീകരണം</u>**:- ഹോസ്റ്റലിലെ ശോചനീയാവസ്ഥയിലുള്ള ടോയ്ലറ്റുകളുടെയും, ഹോസ്റ്റൽ മുറികളുടേയും നവീകരണവും അനുബന്ധ പ്രവൃത്തികളും |
| (ബി) | പ്രസ്തുത വികസന പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ? | | |

| | | | | |
|---|---|---|---|---|
| | | | | • **<u>സെക്കന്റ് ഫ്ലോർ നവീകരണം</u>** :- തകരാറിലായ റൂഫിംഗ് ഷീറ്റുകൾ നീക്കം ചെയ്ത് ട്രസ് ബലപ്പെടുത്തി പുതിയ റൂഫിംഗ് ഷീറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി. പ്രസ്തുത പ്രവൃത്തികൾ 2021 ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**